പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5618 — 2.11.2016 -ൽ മറുപടിയ്ക്ക്

## ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.പുരുഷൻ കടലുണ്ടി : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, അവ ഫലപ്രദമായി നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യമിട്ടുകൊണ്ട് 'ഗ്രീൻ കാർപ്പറ്റ്' എന്ന പേരിൽ നൂതന കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംഘടനകൾ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, സർക്കാരിതര സംരംഭകർ എന്നിങ്ങനെ വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെയാണ് തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്നത്. ഇവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്ന പത്തിന പരിപാടിയുടെ ആസൂത്രണം, ഏകോപനം, നടപ്പാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഓരോ ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം ഉറപ്പാക്കും. ഓരോ വിഷയത്തിലും സമയബന്ധിതവും സുതാര്യവുമായ നടപടി കൈക്കൊള്ളുന്നുവെന്ന് ഉറപ്പാക്കുന്ന ഉത്തരവാദിത്തം ഡെസ്റ്റിനേഷൻ മാനേജർ നിർവഹിക്കും. കൂടാതെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മേഖലാ തലത്തിലും നിരീക്ഷണ സമിതി രൂപീകരിച്ചുവരുന്നു. ഇത്തരം സമിതികൾ |

| | | | |
|---|---|---|---|
| | | | ഓരോ സെന്ററുകളുടെ കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട നടപടികൾ സമയബന്ധിതമായി തീർത്തു ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും ഒഴിവാക്കി വിനോദസഞ്ചാര മേഖലയെ ഫലപ്രദമായി നിലനിർത്തും. |
| ബി) | പ്ലാസ്റ്റിക് വിമുക്തമായ ചെറിയ ഡെസ്റ്റിനേഷനുകൾ പ്രഖ്യാപിക്കുന്നതിനും അതുവഴി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിൽ വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) | ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുക എന്നതും പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖാന്തിരം ബോധവത്ക്കരണവും കുടുംബശ്രീയെ ഉൾപ്പെടുത്തി ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ചില ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. |
| സി) | സർക്കാരിതര സംഘടനകളുമായും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ചുകൊണ്ട് ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഖര, ദ്രവ മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | സി) | സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിലെ ഖര മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവയുമായി ചേർന്ന് ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ആലോചിച്ചുവരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം എന്നിവ ഇതിന്റെ ഭാഗമായി ആലോചിക്കുന്നു. മാലിന്യ നിർമ്മാർജ്ജന ലക്ഷ്യങ്ങൾക്കായി ടൂറിസം വകുപ്പ് വിവിധ ടൂറിസം കേന്ദ്രങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസനേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര മേഖലയുടെ പ്രാധാന്യവും സമഗ്ര ശുചിത്വവും |

| | | | |
|---|---|---|---|
| | | | ലക്ഷ്യമാക്കിക്കൊണ്ട് താൽപര്യവുമായി വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്ഥല ലഭ്യത കാണിച്ച സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള സഹായ പ്രവർത്തനങ്ങളും വകുപ്പിന്റെ പരിഗണനയിലുണ്ട്. കേരള ശുചിത്വ മിഷനുമായി ചേർന്നുകൊണ്ട് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചുകൊണ്ടുള്ള പദ്ധതികൾ കോവളം മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ നിന്ന് പുറം തള്ളുന്ന ദ്രവ-മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ആലപ്പുഴ, കുമരകം എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ